പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 132

27-06-2011-ൽ മറുപടിക്ക്

## അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. വി.എസ്. സുനിൽകുമാർ

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

എ) കയ്പമംഗലം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെവരെയായി;

എ) കൈപ്പമംഗലം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 76% പൂർത്തീകരിച്ചു.

ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 76% പൂർത്തീകരിച്ച ഘട്ടത്തിൽ, മെസ്സേഴ്സ് സൗരാഷ്ട്ര സിമന്റ് WP(C) No.6145/2009 പ്രകാരം ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 13-7-2009-ലെ 'സ്റ്റേ' ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചു. ടി കേസിൽ ബഹു. കോടതിയുടെ അന്തിമ തീർപ്പ് ഇതുവരെയും വന്നിട്ടില്ല. തുടർന്ന് മെസ്സേഴ്സ് സൗരാഷ്ട്ര സിമന്റ് WP(C) No.1297/2010 നമ്പരിലും ബഹു. ഹൈക്കോടതി മുമ്പാകെ മറ്റൊരു കേസുകൂടി നൽകി. ആയതിൽ തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുണ്ട്. ടി കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

സി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകും എന്നു വ്യക്തമാക്കാമോ?

സി) മുൻപറഞ്ഞ രണ്ടു കേസ്സുകളും ബഹു.ഹൈക്കോടതി തീർപ്പ് കല്പിച്ചതിനുശേഷം മാത്രമേ ടി പ്രവൃത്തിയുടെ ബാക്കിയുള്ള പണികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ